## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2348** — 09.03.2018-ലെ മറുപടി

### കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള നിർമ്മാണ ഫാക്ടറി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അട്ടൂർ പ്രകാശ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എൽദോസ് പി.കുന്നപ്പിള്ളിൽ<br>,, ഹൈബി ഈഡൻ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ കുപ്പിവെള്ള നിർമ്മാണ ഫാക്ടറി ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നോയെന്നും പ്രസ്തുത തീരുമാനം പ്രാവർത്തികമാക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ; | (എ) കുപ്പി വെള്ള നിർമ്മാണ ഫാക്ടറി സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു . ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതിയുടെ ഭരണാനുമതി 11 .10 .2013 നാണ് ലഭിച്ചത്. യഥാസമയം ടെണ്ടർ നടപടികൾ സ്വീകരിച്ചു വെങ്കിലും ഉചിതമായ ടെണ്ടർ ലഭിക്കാത്ത തിനാൽ സമയബന്ധിതമായി പണികൾ ആരംഭിക്കുന്നതിന് സാധിച്ചില്ല. എസ്റ്റിമേറ്റിൽ കാലാനുസൃതമാറ്റം വരുത്തി മൂന്ന് പാക്കേജുകളായി (സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ) 2015-ൽ ടെണ്ടർ ചെയ്തു പണികൾ ആരംഭിച്ചു. സിവിൽ പണികൾ ആരംഭിക്കാൻ പ്രസ്തുത സ്ഥലത്ത് നില നിന്നിരുന്ന വിവിധ മരങ്ങൾ മുറിച്ച് മാറ്റുന്നതിനും വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള അനുമതി ക്കായി കാലവിളംബം ഉണ്ടായിട്ടുണ്ട്. കൂടാതെ കരാറുകാരന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചകളും കാലതാമസത്തിന് ഇടയാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ; | (ബി) കുപ്പി വെള്ള പദ്ധതിയുടെ സിവിൽ ജോലികൾ 96% പൂർത്തിയായി. മഴവെള്ള സംഭരണി, ഫാക്ടറിക്ക് പുറത്തുള്ള റോഡ് നിർമ്മാണം എന്നിവയാണ് സിവിൽ ജോലികൾ ബാക്കിയുള്ളത്. ഇലക്ട്രിക്കൽ ജോലികൾ 65 % പൂർത്തികരിച്ചിട്ടുണ്ട്.. ഇലക്ട്രിക്കൽ ജോലികളിൽ ജനറേറ്റർ സെറ്റ് സ്ഥാപിക്കൽ പ്ലാന്റിലെ യന്ത്ര സാമഗ്രികളിൽ കണക്ഷൻ കൊടുക്കുന്ന പ്രവ്യത്തികൾ, ലൈറ്റ്, ഫാൻ, എ.സി മുതലായവ ഘടിപ്പിക്കുന്ന പണികൾ എന്നിവയാണ് അവശേഷിക്കുന്നത്. മെക്കാനിക്കൽ ജോലി |

| | | | |
|---|---|---|---|
| | | | കളിൽ ജലം ശുദ്ധികരിക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. കുപ്പി നിർമ്മിച്ച് അതിൽ വെള്ളം നിറച്ച് ലേബൽ ഒട്ടിച്ച് പാക്കറ്റിന് ഉള്ളിലാക്കുന്നതിനുള്ള യന്ത്ര സാമഗ്രികൾ 23.2.2018-ൽ എത്തിയിട്ടുണ്ട്. ഇവയുടെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗമിച്ചുവരുന്നു. |
| (സി) | എത്ര രൂപാനിരക്കിൽ ഒരു ലിറ്റർ കുപ്പിവെള്ളം വിതരണം ചെയ്യുവാനാണ് അതോറിറ്റി ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ; | (സി) | കുപ്പി വെള്ളത്തിന്റെ വില നിശ്ചയിച്ചിട്ടില്ല ഇതിനുള്ള നടപടികൾ സ്വികരിച്ച് വരുന്നു . |
| (ഡി) | പ്രസ്തുത പദ്ധതി ആരംഭിക്കാൻ വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്ന കാലതാമസം സ്വകാര്യ കുപ്പിവെള്ള ലോബിയെ സഹായിക്കുവാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനമെന്താണെന്ന് അറിയിക്കുമോ? | (ഡി) | ഇല്ല.<br>ബാധകമല്ല. |

സെക്ഷൻ ഓഫീസർ